(ബി) 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ലൈബ്രറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ലബോറട്ടറി നവീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എ.ആർ.എം. എസ്.എ. എന്നീ ഏജൻസികളുടെ ഗ്രാന്റ് ഉപയോഗിച്ച് ലാബ് ലൈബ്രറി നവീകരണങ്ങൾ നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2007-08 കാലയളവിൽ ലാബ് നവീകരണത്തിന് 96 ലക്ഷം രൂപ പുതിയ സ്കൂളുകൾക്കും പഴയ സ്കൂളുകളിലെ പുതിയ കോഴ്സുകൾക്കും അനുവദിച്ചു. ഈ സാമ്പത്തിക വർഷം 2 കോടി രൂപ ചെലവഴിച്ച് പ്രിന്റിംഗ് ടെക്നോളജി ലാബും 84 ലക്ഷം രൂപ ചെലവഴിച്ച് ഫാർമസ്യൂട്ടിക്കൽ ലാബും നവീകരിക്കുന്നതിന് നടപടി പൂർത്തിയായി വരുന്നു.

(സി) അതത് പ്രദേശത്തെ ആവശ്യകത കണക്കിലെടുത്ത് ഇതിലേക്ക് പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവിഷ്കരിക്കാവുന്നതാണ്.

(ഡി) കേന്ദ്ര ഗവൺമെന്റ് മാനദണ്ഡം അനുസരിച്ച് 120 കുട്ടികൾക്ക് ഒരു ടോയ്ലെറ്റും, 40 കുട്ടികൾക്ക് ഒരു യൂറിനലും ജലലഭ്യതയും ഉറപ്പുവരുത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ടോയ്ലറ്റ്, യൂറിനൽ, ജലലഭ്യത എന്നിവയുടെ പൂർത്തീകരിക്കാത്ത പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ പദ്ധതി വിഹിതമായി അനുവദിക്കപ്പെട്ട 686 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 118 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടോയ്ലെറ്റ് നിർമ്മാണവും കുടിവെള്ള സൗകര്യം ഒരുക്കുന്ന ജോലിയും പുരോഗതിയിലാണ്. ഈ പദ്ധതി 31-3-2011-നുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് നടപടി

13(702) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഘട്ടംഘട്ടമായി ഒഴിവാക്കുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ള സ്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഈ ഉത്തരവ് എന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നത് ;

(സി) ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള സ്കൂളുകളിലെ എൽ.പി./യു.പി. ക്ലാസ്സുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ വിദ്യാഭ്യാസ ഓഫീസറും വെവ്വേറെ ഹെഡ്മാസ്റ്റർമാരുടെ കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 4-6-2010 മുതൽ.

(സി) ഇപ്പോൾ ആലോചനയിൽ ഇല്ല.

സംസ്ഥാനത്തെ അൺ എക്കണോമിക് സ്കൂളുകൾ

14(703) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അൺ എക്കണോമിക് സകൂളുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദ വിവരം ലഭ്യമാക്കുമോ ;

(ബി) 2006-ൽ പ്രസ്തുത സ്കൂളുകളുടെ എണ്ണം എത്ര ആയിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; ഈ സ്കൂളുകളുടെ നിലവാരം ഉയർത്താൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 2009-09 വർഷത്തെ കണക്കനുസരിച്ച്

ഗവൺമെന്റ് : 1839

എയ്ഡഡ് : 1822

(ബി) 2006-07-ലെ കണക്കനുസരിച്ച്

ഗവൺമെന്റ് : 1571

എയ്ഡഡ് : 1627

(സി) ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

	ഗവ.	എയ്ഡഡ്
(1)	(2)	(3)
തിരുവനന്തപുരം	111	15
കൊല്ലം	119	39
പത്തനംതിട്ട	176	230
ആലപ്പുഴ	161	102
കോട്ടയം	191	166

LIBRARY ARCHIVES Kerala Legislative Assembly